എയർപോർട്ട്-നായത്തോട്-അങ്കമാലി റോഡ് പണി

112 (2831) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഡിവിഷനിൽ ആലുവ സബ്ഡിവിഷന്റെ കീഴിൽ വരുന്ന എയർപോർട്ട്-നായത്തോട്-അങ്കമാലി പി.ഡബ്ല്യൂ.ഡി. റോഡ് വീതി കൂട്ടി പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേക്ക് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ടി റോഡ് പുതുക്കിപ്പണിയുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

റോഡ് ടെന്റർ ചെയ്യുന്നതിനുള്ള നടപടി

113 (2832) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള റോഡുപ്രവൃത്തികൾ ഓരോന്നും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

ചീമേനി-പാലവയൽ-ഓടക്കൊല്ലി റോഡ് കി.മീ. 24/500 മുതൽ 32/00 വരെ നബാർഡ് ധനസഹായത്തോടെ RIDF-VIII പദ്ധതിയനുസരിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

മണ്ണാർക്കാട് ടൗണിലെ ഗതാഗതയോഗ്യമല്ലാത്ത ബൈപ്പാസ് റോഡ്

114 (2833) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നിർമ്മിച്ച ബൈപ്പാസ് റോഡ് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ഇന്നും ഗതാഗതയോഗ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എം.എൽ.എ. പദ്ധതിപ്രകാരം 19-6-1997-ന് പൂർത്തീകരിച്ച 3 കി.മീ. നീളംവരുന്ന മണ്ണാർക്കാട് ബൈപ്പാസ് 16-1-2001-ന് പുനരുദ്ധാരണം നടത്തി ഗതാഗതത്തിന് തുറന്നുകൊടുത്തു. നാഷണൽ ഹൈവേ 213-ലെ

LIBRARY ARCHIVES Kerala Legislative Assembly

റീ അലൈൻമെന്റ് സർവ്വേ നടത്തുകയും ബൈപ്പാസ് റോഡിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തുകഴിയുമ്പോൾ മണ്ണാർക്കാട് ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകുന്നതാണ്.

ബേപ്പൂർ-ചെറുവണ്ണൂർ റോഡ്, മോഡേൺ-കൊളത്തറ റോഡ് എന്നിവയുടെ പരിഷ്ക്കരണ നടപടി

115 (2834) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡ്, മോഡേൺ-കൊളത്തറ റോഡ് എന്നിവയുടെ പരിഷ്ക്കരണ നടപടികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാമോ എന്ന് വ്യക്തമാക്കാമോ ;

(ബി) റോഡിന്റെ നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഈ സാമ്പത്തികവർഷം തന്നെ നിർമ്മാണ പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആവശ്യമായ ഫണ്ട് വകയിരുത്തിയശേഷം മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

116 (2835) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും കരാറുകാർക്ക് 2003 ജൂൺ 1 വരെ എത്ര തുക കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മേയ് 17-ന് മുൻപ് ഇപ്രകാരം കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്ന തുക എത്രയെന്ന് അറിയിക്കാമോ ;

(സി) കാരാറുകാർക്ക് നൽകിക്കഴിഞ്ഞ ചെക്കുകൾ മുഴുവൻ ക്യാഷ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുകയ്ക്കുള്ള ചെക്കുകളാണ് ഇനി ക്യാഷ് ചെയ്യുവാനുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 7-6-2001 മുതൽ 31-3-2003 വരെ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ 569,25,23,724 രൂപ കൊടുത്തു തീർക്കാനുണ്ട്. 1-4-2003 മുതലുള്ള കുടിശ്ശിക തുകയുടെ വിവരം സമാഹരിച്ച്

LIBRARY ARCHIVES Kerala Legislative Assembly